"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ശിശുരോഗ വിഭാഗത്തിലെ 7 അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ താൽക്കാലികമായി അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാക്കി ഡൗൺഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.249/2022/H&FWD തീയതി,തിരുവനന്തപുരം, 01-12-2022

---

പരാമർശം:- 1. സ.ഉ(കൈ)നം.13/2021/ഉ.ഭ.പ.വ. തീയതി 08.06.2021

2. മെഡിക്കൽ വിദ്യാഭ്യാസവകുപ്പ ഡയറക്ടറുടെ 02.10.2022-ലെ എഫ്3/3982/2022/മെ.വി.വ. നമ്പർ കത്ത്.

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ശിശുരോഗ വിഭാഗത്തിലെ എൻട്രി ലെവൽ തസ്തികയായ അസിസ്റ്റന്റ് പ്രൊഫസറുടെ പി.എസ്.സി. റാങ്ക് പട്ടികയുടെ കാലാവധി 06.01.2023 തീയിതിയിൽ അവസാനിക്കുന്നതിനാൽ നികത്തപ്പെടാനാകാതെ ഒഴിഞ്ഞു കിടക്കുന്ന 7 അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ താൽകാലികമായി ഡൗൺ ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയാക്കി നൽകണമെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സീനിയോരിറ്റി നിർണ്ണയിക്കുന്നതിലടക്കം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ/ ഹൈക്കോടതി/സുപ്രീം കോടതി മുമ്പാകെ നിലനിൽക്കുന്ന വിവിധങ്ങളായ കേസുകളിലെ ഉത്തരവുകൾ/സ്റ്റേ ഓർഡറുകൾ നിലനിൽക്കുന്നതിനാൽ സീനിയോരിറ്റി നിർണ്ണയിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റനടപടികൾ താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുയാണ്. ആയത്കൊണ്ട് എൻട്രികേഡർ ആയ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാകാത്തതും പി.എസ്.സി റാങ്ക്പട്ടികയിലുള്ളവരുടെ നിയമനം വൈകുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ശിശുരോഗ വിഭാഗത്തിൽ യഥാസമയം ഒഴിവുകൾ നികത്താൻ കഴിയാത്തത് പൊതുജനാരോഗ്യ സംവിധാനത്തെയും മെഡിക്കൽ വിദ്യാഭ്യാസത്തെയും വളരെ വലിയ തോതിൽ ബാധിക്കുന്നതാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശിശുരോഗ വിഭാഗത്തിലെ എൻട്രി ലെവൽ തസ്തികയായ അസിസ്റ്റന്റ് പ്രൊഫസറിലെ പി.എസ്.സി റാങ്ക് പട്ടിക 06.01.2023-ൽ അവസാനിക്കുമെന്ന വസ്തുത കൂടി കണക്കിലെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ശിശുരോഗ വിഭാഗത്തിൽ നികത്തപ്പെടാനാകാതെ ഒഴിഞ്ഞു കിടക്കുന്ന 7 അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ താൽക്കാലികമായി അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാക്കി ഡൗൺഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. താൽക്കാലികമായി ഡൗൺഗ്രേഡ് ചെയ്തിട്ടുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കേരള പബ്ലിക് സർവീസ് കമ്മീഷന് അടിയന്തിരമായി

റിപ്പോർട്ട് ചെയ്യേണ്ടതാണ്. അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള തടസങ്ങൾ സീനിയോരിറ്റി നിർണ്ണയിച്ച് ഒഴിവാകുന്ന മുറക്ക് ഡൗൺഗ്രേഡ് ചെയ്യപ്പെടുന്നതിന് തുല്യ എണ്ണം അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ അസോസിയേറ്റ് പ്രൊഫസർ തസ്തികകളായി ഉയർത്തപ്പെടുന്നതാണ്.

5) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ അടിയന്തര തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ K

ഡെപ്യൂട്ടിസെക്രട്ടറി

കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസവകുപ്പ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Raseena R A**
**Date: 01-12-2022 12:03:27**

സെക്ഷൻ ഓഫീസർ

പകർപ്പ് - ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.